മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിപണി വിലയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി

120 (121) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് ബോട്ടിൽ ഉപയോഗിക്കുന്നതിനായി ആവശ്യമുള്ള മണ്ണെണ്ണ വിപണി വിലയ്ക്ക് ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈൻ വില്പന

121 (122) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈൻ വില്പന നടത്താനുള്ള അധികാരം ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം ബ്രാണ്ട്കളിലുള്ള ഏതെല്ലാം തരം വൈനുകൾ വില്പന നടത്തി വരുന്നുണ്ട് ; വൈനിന് ഏതെല്ലാം നിലയിലുള്ള എന്ത് നിരക്കിലുള്ള നികുതികൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(സി) പ്രതിവർഷം എത്ര വൈനുകൾ വില്പന നടത്തിവരുന്നുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും എഫ്.എൽ. 1 ഷോപ്പുകൾ, എഫ്.എൽ. 7, എഫ്.എൽ. 8 ലൈസൻസികൾ, ബാർ ഹോട്ടലുകൾ, ക്ലബ്ബുകൾ, വൈൻ/ബിയർ പാർലറുകൾ (എഫ്.എൽ.11) എന്നിവയ്ക്ക്, വൈൻ വില്പന നടത്താൻ അധികാരം നൽകിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ വില്പന നടത്തിയ വൈൻ ബ്രാൻഡുകളുടെ വിശദ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* വൈനിന് ഏർപ്പെടുത്തിയിട്ടുള്ള നികുതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly